**<u>കോട്ടവാസൽ അതിർത്തി കേന്ദ്രീകരിച്ച് പുതിയ ചെക്കിങ് സംവിധാനം ആരംഭിച്ചു</u>**

നിലവിലുള്ള ചെക്കിങ് സംവിധാനങ്ങൾക്ക് പുറകെ കേരള തമിഴ്നാട് അതിർത്തിയായ കോട്ടവാസലിൽ പുതിയ ഒരു ചെക്ക്പോസ്റ്റ് കൂടി പ്രവർത്തനം ആരംഭിക്കുകയുണ്ടായി. കോട്ടവാസലിൽ പുതുതായി ആരംഭിച്ച ചെക്ക്പോസ്റ്റിൽ തമിഴ്നാട് പോലീസുമായി സഹകരിച്ച് തെങ്കാശി പോലീസ് ജില്ലയിൽ നിന്നുള്ള രണ്ട് പോലീസ് ഉദ്യോഗസ്ഥരെ കൂടി ചെക്ക്പോസ്റ്റ് ഡ്യൂട്ടിക്കായി ഉപയോഗിക്കും. ഇവിടെ അനധികൃതമായി പാസ് ഇല്ലാതെ കടന്നു വരുന്ന മുഴുവൻ യാത്രക്കാരെയും ഇവിടെ നിന്ന് തന്നെ തിരിച്ചു അവരുടെ വാസസ്ഥലങ്ങളിലേക്ക് അയയ്ക്കുവാനുള്ള നടപടികൾ കൈക്കൊള്ളും. ഈ സംവിധാനത്തിലൂടെ ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ ഉണ്ടാകുന്ന അമിതമായ തിരക്ക് ഒഴിവാക്കുന്നതിനും യാത്രക്കാർക്ക് സുഗമമായി യാത്ര ചെയ്യാനും സഹായമായിത്തീരുമെന്ന് കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി ഹരിശങ്കർ ഐപിഎസ് അറിയിച്ചു